**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1259** **07-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിനാവശ്യമായ പാൽ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിനാവശ്യമായ പാൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ഈ കുറവ് എപ്രകാരമാണ് നിലവിൽ പരിഹരിച്ചു കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ക്ഷീരസഹകരണ മേഖലയിൽ കേരളം സ്വയം പര്യാപ്തത കൈവരിച്ചു വരുന്നു. കേരളത്തിന്റെ ജനസംഖ്യ അനുപാതത്തിൽ പ്രതിദിനം ആകെ ആവശ്യമായ പാലിന്റെ അളവ് 89 ലക്ഷം ലിറ്റർ ആണ്. എന്നാൽ സംസ്ഥാനത്തു പ്രതിദിന ഉല്പാദനം 81 ലക്ഷം ലിറ്റർ മാത്രമാണ്. മിൽമയുടെ വിപണി നില നിർത്തുന്നതിനായി അധികമായി ആവശ്യമായി വരുന്ന പാൽ അയൽസംസ്ഥാന ഫെഡറേഷനുകളിൽ നിന്ന് വാങ്ങുകയാണ് ചെയ്യുന്നത്. |
| (ബി) | കാലിത്തീറ്റ വില വർദ്ധനവ് ഉൾപ്പെടെ പാൽ ഉല്പാദന ചെലവ് കണക്കാക്കി ക്ഷീരകർഷകർക്ക് മതിയായ പ്രതിഫലം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | പാൽ ഉത്പ്പാദന ചെലവിനെക്കുറിച്ച് പഠിക്കുന്നതിന് കാർഷിക വെറ്റിനറി സർവ്വകലാശാലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച വിദഗ്ധ കമ്മിറ്റിയുടെ ശുപാർശ പ്രകാരം കർഷകന് ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയതിനെ തുടർന്ന് പാലിൻറെ വിൽപ്പന വില ലിറ്ററിന് 6.00 രൂപ വച്ച് വർദ്ധിപ്പിച്ച് ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.<br><br>പാൽ വില ലിറ്ററിന് 6.00 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം അതായത് 5.025 രൂപ കർഷകർക്ക് ലഭിക്കും. ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതം (0.345 രൂപ) മിൽമക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന ശരാശരിയായ 4.1% കൊഴുപ്പും 8.3% കൊഴുപ്പിതര പദാർത്ഥങ്ങളും ഉണനിലവാരമുള്ള പാലിന് സംഘങ്ങളിൽ നിന്നും കർഷകർക്ക് ലഭിക്കുന്ന വർദ്ധനവ് 5.68 രൂപയാണ്. കർഷകർക്ക് പരമാവധി സഹായം നൽകുക എന്ന രീതിയിൽ ഉണനിലവാരത്തിനനുസരിച്ച് ക്രമാനുഗതമായ ചാർട്ട് ശാസ്ത്രീയമായാണ് തയ്യാറാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ